പാരമ്പര്യ വൈദ്യശാലയുടെ പരിപോഷണം

22 (*611) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. യു. എസ്. ശശി :
ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന പുരാതനവും പാരമ്പര്യ രീതിയിലുള്ളതുമായ വൈദ്യമേഖലയെ പരിപോഷിപ്പിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാമാണെന്നും പുതിയ എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടന്നും വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ & ബി) നിശ്ചിത യോഗ്യതയുള്ള പാരമ്പര്യ വൈദ്യൻമാർക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി ഈ വകുപ്പിൽ നിലവിലുണ്ട്. മറ്റു പുതിയ പദ്ധതികൾക്ക് ഒന്നും രൂപം നൽകിയിട്ടില്ല.

ഇന്റർനെറ്റ് സൗകര്യം വർദ്ധിപ്പിക്കുവാൻ നടപടി

23(*612) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇന്റർനെറ്റ് സൗകര്യം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചുണ്ട് ;

(ബി) വിദ്യാർത്ഥികൾക്ക് മാത്രമായി പ്രത്യേക ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) സംസ്ഥാനത്ത് ഇന്റർനെറ്റ് സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ടെക്നോപാർക്കിൽ വി. എസ്. എൻ. എൽ ന്റെ ഒരു സാറ്റലൈറ്റ് എർത്ത് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, വി. എസ്. എൻ. എൽ ന്റെ സാറ്റലൈറ്റ് ഗേറ്റ്വേ എറണാകുളത്ത് പ്രവർത്തിക്കുന്നുണ്ട്. എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇവ നടപ്പാക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടുകഴിഞ്ഞു. സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് പ്രവർത്തന സജ്ജമാകുന്നതോടെ എല്ലാ സെക്രട്ടറിമാർക്കും

LIBRARY ARCHIVES Kerala Legislative Assembly